DESPATCHED
On.8/2/22..



3/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1763(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 15063/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 3**

ശ്രീ. അഷ്റഫ്,
പുളിക്കൽ ഹൗസ്,
പന്താരങ്ങാടി പി.ഒ.,
തിരൂരങ്ങാടി വഴി മലപ്പുറം - 676 306. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ നഗരാസൂത്രണ കാര്യാലയം,
തദ്ദേശ സ്വയം ഭരണ വകുപ്പ് (പ്ലാനിംഗ്),
സിവിൽ സ്റ്റേഷൻ, മലപ്പുറം - 676 505.
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
തിരൂരങ്ങാടി നഗരസഭാ കാര്യാലയം,
തിരൂരങ്ങാടി പി.ഒ., മലപ്പുറം.
3) അപ്പീൽ അധികാരി & നഗരാസൂത്രകൻ,
ജില്ലാ നഗരാസൂത്രണ കാര്യാലയം,
തദ്ദേശ സ്വയം ഭരണ വകുപ്പ് (പ്ലാനിംഗ്),
സിവിൽ സ്റ്റേഷൻ, മലപ്പുറം - 676 505.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/06/2021, 24/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07/07/2021, 12/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/08/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 15/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 18/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 25/01/2022 -വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി -ആഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അഷ്റഫ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിനുവേണ്ടി ഒന്നാം

ആയതിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ഉത്തരം നൽകേണ്ടത് തിരൂരങ്ങാടി നഗരസഭയിൽ നിന്നായതിനാൽ പ്രസ്തുത പരാതി അപേക്ഷ 1.7.2021-ന് തിരൂരങ്ങാടി നഗരസഭയിലേക്ക് അയച്ചു കൊടുക്കുകയും പ്രസ്തുത വിവരം അപേക്ഷകനെ അന്നുതന്നെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുള്ളതാണെന്നും വിവരാവകാശ നിയമ പ്രകാരം മറ്റൊരു പൊതു അധികാരിയുമായി ബന്ധപ്പെട്ട വിവരമാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നതെങ്കിൽ പ്രസ്തുത അപേക്ഷ 5 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട പൊതു അധികാരിക്ക് കൈമാറേണ്ടതും വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതുമായിരുന്നു എന്നും എന്നാൽ കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ, ടി കാര്യാലയം സ്ഥിതി ചെയ്യുന്ന മലപ്പുറം നഗരസഭാ പരിധി കണ്ടെയ്മെന്റ് സോണിൽ ആയിരുന്നു എന്നും 2021 ജൂൺ മാസത്തിൽ ടി കാര്യാലയത്തിലെ ഭരണ നിർവ്വഹണ വിഭാഗത്തിലെ ജീവനക്കാർ റൊട്ടേഷൻ അടിസ്ഥാനത്തിൽ ആഴ്ചയിൽ ഒരു ദിവസം മാത്രമായിരുന്നു ഓഫീസിൽ ഹാജരായിരുന്നതെന്നും കൂടാതെ കണ്ടെയ്മെന്റ് സോണിൽ താമസിക്കുന്ന ജീവനക്കാർക്ക് ഓഫീസിൽ ഹാജരാകുവാൻ കഴിയാത്ത അവസ്ഥയുമായിരുന്നു എന്നും ടി കാര്യാലയം ഇ-ഓഫീസ് രീതിയിലാണ് പ്രവർത്തിക്കുന്നതെന്നും ആയതിനാൽ 11.6.2021-ന് ടി കാര്യാലയത്തിൽ ലഭിച്ച അപേക്ഷ തപാൽ സെക്ഷനിൽ ജീവനക്കാരില്ലാത്തതിനാൽ 21.6.2021-നാണ് സ്കാൻ ചെയ്ത് നമ്പറിട്ട് സെക്ഷനിൽ ലഭിച്ചതെന്നും സാങ്കേതിക പ്രശ്നങ്ങളാണ് അപേക്ഷയിൽ ഉന്നയിച്ചതെന്നതിനാൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ അഭിപ്രായം തേടിയപ്പോൾ ആവശ്യപ്പെട്ട വിവരങ്ങൾ ടി കാര്യാലയത്തിൽ ലഭ്യമല്ലെന്നും തിരൂരങ്ങാടി നഗരസഭവുമായി ബന്ധപ്പെട്ട കാര്യമാണെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലേക്ക് അപേക്ഷ അയച്ചു കൊടുക്കുകയും ആയത് ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിരുന്നു എന്നും ടി കാര്യാലയത്തിൽ നിന്നും മന:പൂർവ്വം അപേക്ഷയിൽ നടപടി എടുക്കാതിരുന്നിട്ടില്ലെന്നും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്നും എന്നാൽ കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സമയബന്ധിതമായി ഫയൽ കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് വിവരാവകാശ നിയമം 2(എഫ്)-ൽ പരാമർശിക്കുന്ന 'വിവരം' എന്ന നിർവ്വചനത്തിൽ വരുന്ന കാര്യങ്ങൾ അല്ലാത്തതിനാലാണ് വിവരങ്ങൾ നൽകാൻ സാധിക്കുകയില്ല എന്ന മറുപടി രണ്ടാം എതിർകക്ഷി ഹർജിക്കാരന് നൽകിയത് എന്ന് കാണുന്നു. പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം തേടുന്ന ചോദ്യങ്ങൾ, രേഖകളുടെ